**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3826** **27-06-2024 - ൽ മറുപടിയ്ക്ക്**

**കാലിത്തീറ്റയ്ക്ക് സബ്സിഡി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. പി. അനിൽ കുമാർ ,<br>ശ്രീ. പി. സി. വിഷ്ണുനാഥ്,<br>ശ്രീ. എം. വിൻസെന്റ് ,<br>ശ്രീ. സനീഷ്കുമാർ ജോസഫ് | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കാലിത്തീറ്റയുടെ ലഭ്യത ഉറപ്പുവരുത്താനായി നടപ്പിലാക്കിയ പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ; | (എ) | ക്ഷീരകർഷകർക്ക് മിതമായ വിലയ്ക്ക് കാലിത്തീറ്റ ലഭ്യമാക്കുന്നതിനു വേണ്ടി പൊതുമേഖലാസ്ഥാപനമായകേരള ഫീഡ്സിന് തൃശ്ശൂർ ജില്ലയിലെ കല്ലേറ്റുംകരയിൽ പ്രതിദിനം 650 മെട്രിക് ടൺ ഉത്പാദന ശേഷിയുള്ള ഒരു കാലിത്തീറ്റ ഫാക്ടറിയും, കൊല്ലം ജില്ലയിലെ കരുനാഗപ്പള്ളിയിൽ (പതിദിനം 300മെട്രിക് ടൺ ഉത്പാദന ശേഷിയുള്ള ഒരു കാലിത്തീറ്റ ഫാക്ടറിയും, കോഴിക്കോട്ജില്ലയിലെ തിരുവാങ്ങൂരിൽ പ്രതിദിനം 300 മെട്രിക് ടൺ ഉത്പാദന ശേഷിയുള്ള ഒരു കാലിത്തീറ്റ ഫാക്ടറിയും, ഇടുക്കിജില്ലയിലെ തൊടുപുഴയ്ക്കടുത്ത് അരിക്കുഴയിൽ പ്രതിദിനം 300 മെട്രിക് ടൺ ഉത്പാദന ശേഷിയുള്ള ഒരു കാലിത്തീറ്റ ഫാക്ടറിയും (പവർത്തിച്ചു വരുന്നുണ്ട്. നിലവിലെ കേരള ഫീഡ്സിന്റെ പ്രതിദിന കാലിത്തീറ്റ ഉത്പാദന ശേഷി 750മെട്രിക് ടൺ ആണ്. കേരളത്തിലെ ക്ഷീരകർഷകർക്ക് ഗുണനിലവാരമുള്ളകാലിത്തീറ്റ ന്യായമായ വിലയ്ക്ക് നൽകാൻ കേരള ഫീഡ്സിനു സാധിക്കുന്നുണ്ട്.<br><br>മൃഗസംരക്ഷണ വകുപ്പ് നടപ്പിലാക്കുന്ന പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതിയിൽ വരിചേർക്കുന്ന കന്നുകുട്ടികൾക്ക് സബ്സിഡി നിരക്കിൽ കാലിത്തീറ്റ വിതരണം ചെയ്യുന്നുണ്ട്.<br><br>ക്ഷീരകർഷകർക്ക് സമീകൃത കാലിത്തീറ്റയുടെ ലഭ്യത ഉറപ്പുവരുത്തി പാലുൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി പ്രതിദിനം 320 മെട്രിക് ടൺ വീതം ഉൽപ്പാദന ശേഷിയുള്ള രണ്ട് കാലിത്തീറ്റ ഫാക്ടറികൾ പട്ടണക്കാടും മലമ്പുഴയിലുമായി മിൽമയ്ക്ക് കീഴിൽ പ്രവർത്തിക്കുന്നുണ്ട്. ഇവയിലൂടെ ചെലവ് കുറഞ്ഞ പാലുൽപാദനത്തിന് കറവമാടുകൾക്ക് പോഷക സമൃദ്ധമായ കാലിത്തീറ്റയും ബദൽ തീറ്റവസ്തുക്കളും |

| | | | |
|---|---|---|---|
| | | | ആവശ്യാനുസരണം മിതമായ വിലയ്ക്ക് വിപണിയിലെത്തിക്കുന്നു.ഇവ കൂടാതെ, മേഖലാ യൂണിയനുകൾ സബ്സിഡി നിരക്കിൽ പച്ചപ്പുല്ല്, പച്ച ചോളത്തണ്ട് തുടങ്ങിയവ ആവശ്യമുള്ള കർഷകർക്ക് എത്തിച്ചു നൽകുന്നു.<br><br>കൂടാതെ ക്ഷീരവികസന വകുപ്പിന്റെ പദ്ധതികളായ ക്യാറ്റിൽ ഫീഡിംഗ് സബ്സി ഡി പദ്ധതി , ക്ഷീരസംഘങ്ങളിലൂടെ സബ്സിഡി നിരക്കിൽ പച്ചപ്പുല്ല്, സൈലേജ്, വൈ ക്കോൽ, TMR എന്നിവ വിതരണം ചെയ്യുന്ന പദ്ധതി , ധാതു ലവണ വിതരണ പദ്ധതി എന്നിവയിലൂടെ സംസ്ഥാനത്ത് കാലിത്തീറ്റയു ടെ ലഭ്യത ഉറപ്പു വരുത്തുന്നു . ഇവ കൂടാതെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി കളായ കാലിത്തീറ്റ വിതരണ പദ്ധതി ,ധാതുലവണ വിതരണ പദ്ധതി ,കാലിത്തീറ്റ അനുബന്ധ സാധനങ്ങളും ധനസഹായനിരക്കിൽ വിതരണം ചെയ്യുന്ന പദ്ധതി എന്നിവയും ക്ഷീര വികസന വകുപ്പ് ഉദ്യോഗസ്ഥർ നിർവ്വഹണ ഉദ്യോഗസ്ഥരായി നടപ്പാക്കുന്നു .തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതിയിലൂടെ കറവപശുക്കൾക്ക് സബ്സിഡി നിരക്കിൽ കാലിത്തീറ്റ വിതരണം നടത്തുന്നുണ്ട്. |
| (ബി) | കാലിത്തീറ്റയ്ക്കും മറ്റ് അനുബന്ധ വസ്തുക്കൾക്കും സബ്സിഡി നൽകാൻ നടപടി സ്വീകരിക്കുമോ? | (ബി) | കാലിത്തീറ്റയും മറ്റ് അനുബന്ധ വസ്തുക്കളും സബ്സിഡി നിരക്കിലാണ് ക്ഷീര വികസന വകുപ്പും , ക്ഷീരമേഖലയിലെ പദ്ധതികളിലൂടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും നിലവിൽ കർഷകർക്ക് നൽകി വരുന്നത്.<br>എസ്.എൽ.ബി.പി പദ്ധതിയിൽ വരി ചേർത്തിട്ടുള്ള കന്നുകുട്ടികൾക്ക് എല്ലാ മാസവും കന്നുകുട്ടികളുടെ പ്രായത്തിനനുസൃതമായി വിതരണം നടത്തേണ്ട കാലിത്തീറ്റയുടെ അളവ് നിശ്ചയിച്ചിട്ടുള്ളതും ആയത് പകുതി വിലയ്ക്ക് വിതരണം ചെയ്തു വരുകയുമാണ്.<br><br>മിൽമയുടെ മേഖലായൂണിയനുകളും ഫെഡറേഷനും അവരവരുടെ പ്രവർത്തന ലാഭത്തിൽ നിന്നും കാലിത്തീറ്റ വില്പന വിലയിൽ അതാത് കാലങ്ങളിൽ നൽകി വന്നിട്ടുള്ള സബ്സിഡികളും ഡിസ്കൗണ്ടുകളും കർഷകർക്ക് വളരെയധികം പ്രയോജനപ്പെടുകയുണ്ടായി. മലബാർ മേഖലാ യൂണിയൻ ക്ഷീരസംഘങ്ങളിലൂടെ വിതരണം ചെയ്യുന്ന മിൽമ ഗോമതി ഗോൾഡ് കാലിത്തീറ്റയ്ക്ക് 50 കിലോ ചാക്കൊന്നിന് 250 രൂപ സബ്സിഡി അനുവദിച്ചിട്ടുണ്ട്. കർഷകർ ക്ഷീരസംഘങ്ങളിൽ അളക്കുന്ന പാലിന് ആനുപാതികമായിട്ടാണ് കാലിത്തീറ്റ സബ്സിഡി അനുവദിക്കുന്നത്.ക്ഷീരകർഷർ നേരിടുന്ന |

പ്രതിസന്ധികൾ മനസിലാക്കിക്കൊണ്ട് അവരെ പരമാവധി സഹായിക്കുന്നതിനായി താഴെപ്പറയുന്ന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ മിൽമയുടെ ഭാഗത്തു നിന്നും ഉണ്ടാകുന്നുണ്ട്.

തിരുവനന്തപുരം മേഖല യൂണിയൻ

1. കാലിത്തീറ്റ സബ്സിഡി: ക്ഷീരകർഷകർ സംഘത്തിൽ ഒഴിക്കുന്ന പാലിൻറെ അളവിന് ആനുപാതികമായി മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് കാലിത്തീറ്റ ചാക്കൊന്നിന് യൂണിയൻറെ ഭരണസമിതി നിശ്ചയിക്കുന്ന പ്രകാരമുള്ള തുക സബ്സിഡിയായി നൽകുന്നതാണ്.

2. കിടാരി ദത്തെടുക്കൽ പദ്ധതി: തിരുവനന്തപുരം മേഖലാസഹകരണ ക്ഷീരോൽപാദക യൂണിയൻ 2023-24 സാമ്പത്തിക വർഷം നടപ്പിലാക്കിയ മിൽമ ഗോവർദ്ധിനി കന്നുക്കുട്ടി ദത്തെടുക്കൽ പദ്ധതിയിൽ ദത്തെടുത്തിട്ടുള്ള 4000 ഉരുക്കളെ പദ്ധതിയുടെ അടുത്ത ഘട്ടമായ കിടാരി ദത്തെടുക്കൽ പദ്ധതിയിൽ ഉൾപ്പെടുത്തി 50% സബ്സിഡി നിരക്കിൽ കാലിത്തീറ്റയും മറ്റാനുകൂല്യങ്ങളും നൽകുന്നതാണ്.

3. കന്നുകുട്ടി ദത്തെടുക്കൽ പദ്ധതി: കന്നുകുട്ടികളുടെ പരിരക്ഷ ഉറപ്പാക്കുന്നതിന് കർഷകരിൽ നിന്നും 3 മാസംമുതൽ പ്രായമുള്ള കന്നുകുട്ടികളെ തിരഞ്ഞെടുത്ത് 50% സബ്സിഡി നിരക്കിൽ കാലിത്തീറ്റയും മറ്റാനുകൂല്യങ്ങളും നൽകുന്ന പദ്ധതി. 2023-24 സാമ്പത്തിക വർഷം 4000 കന്നുകുട്ടികളെ ദത്തെടുത്തിരുന്നു.

4. ഹരിതം-സൈലേജ് സബ്സിഡി സ്കീം: വർഷം മുഴുവൻ സബ്സിഡിനിരക്കിൽ സൈലേജ് ലഭ്യമാക്കുന്നതിനായി ആരംഭിച്ച "ഹരിതം" സൈലേജ് വിതരണ പദ്ധതി. നിലവിൽ കിലോഗ്രാമിന് 2 രൂപ എന്ന നിരക്കിൽ നൽകി വരുന്ന സബ്സിഡിയ്ക്ക് പുറമെ സംഘങ്ങൾക്ക് ഇറക്കുകൂലി/വാഹനകൂലി ഇനത്തിൽ തുക നൽകിവരുന്നു.

എറണാകുളം മേഖലാ യൂണിയൻ

1. ക്ഷീരസംഘങ്ങൾക്ക് വൈക്കോൽ എത്തിച്ചുകൊടുക്കുന്ന പദ്ധതി പ്രകാരം 2023-24 വർഷത്തിൽ 3557 ടൺ വൈക്കോൽ 71.15 ലക്ഷം രൂപ യൂണിയൻ സബ്സിഡി ഉപയോഗിച്ച് സംഘങ്ങളിൽ വിതരണം ചെയ്തിട്ടുണ്ട്.

| | | | | |
|---|---|---|---|---|
| | | | | 2. ക്ഷീരസംഘങ്ങൾക്ക് സൈലേജ് എത്തിച്ചുകൊടുക്കുന്ന പദ്ധതി പ്രകാരം 2023-24 വർഷത്തിൽ 1328 ടൺ സൈലേജ് 26.56 ലക്ഷം രൂപ യൂണിയൻ സബ്സിഡി ഉപയോഗിച്ച് വിതരണം ചെയ്തിട്ടുണ്ട്.<br><br><u>മലബാർ മേഖല യൂണിയൻ</u><br><br>1. കാലിത്തീറ്റ സബ്സിഡി: 2023-24 സാമ്പത്തിക വർഷത്തിൽ മലബാർ മേഖലാ യൂണിയൻ മേഖലാ യൂണിയന് കീഴിലെ ക്ഷീര സംഘങ്ങൾക്ക് അവർകേരള കോ ഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷന് കീഴിലുള്ള കാലിത്തീറ്റ പ്ലാൻറിൽ നിന്ന് വാങ്ങിയ മിൽമ ഗോമതി ഗോൾഡ് കാലിത്തീറ്റയ്ക്കും, മലബാർ റൂറൽ ഡെവലപ്മെൻറ് ഫൗണ്ടേഷൻറെ പെല്ലറ്റ് രൂപത്തിലുള്ള ടി.എം.ആർ കാലിത്തീറ്റയ്ക്കും സബ്സിഡി ഇനത്തിൽ 4,43,27,475 രൂപ നൽകി.<br><br>2. തീറ്റപ്പുല്ല് വിതരണം : പാലുൽപ്പാദനച്ചെലവ് പരമാവധി കുറയ്ക്കുന്നതിനും പശുക്കളുടെ ആരോഗ്യത്തോടെയുള്ള പാലുൽപ്പാദനം സാധ്യമാക്കുന്നതിനും വേണ്ടി മേഖലാ യൂണിയൻ 3 തരം പരുഷാഹാരങ്ങൾ(പച്ചപ്പുല്ല്,ചോളപ്പുല്ല്:ചോളം സൈലേജ്)സബ്സിഡി നിരക്കിൽ കർഷകർക്ക് വിതരണം ചെയ്ത് വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ